# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **T 6435** — **08.11.2016** ൽ മറുപടിക്ക്

### കനോലി കനാൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.അബ്ദു റഹിമാൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കനോലി കനാൽ ദേശീയ ജലപാതയായി വികസിപ്പിക്കുന്നതിന് വളരെ മുമ്പ് തന്നെ സർവ്വേ ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ പൂർത്തിയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കനോലി കനാൽ ദേശീയ ജലപാതയായി വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വെ ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ പൂർത്തിയായത് ശ്രദ്ധയിൽ -പ്പെട്ടിട്ടില്ല. |
| (ബി) ഈ ജലപാത നിലവിൽ വന്നാൽ ലഭിക്കുന്ന നേട്ടങ്ങൾ വിലയിരുത്തി-യിട്ടുണ്ടോ; | (ബി) ദേശീയ ജലപാതാ നിലവാരത്തിലുള്ള കനാൽ വരികയാണെങ്കിൽ ചെലവു കുറഞ്ഞ രീതിയിൽ ചരക്കു ഗതാഗതത്തിനും യാത്രാ ബോട്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും കഴിയും. അതു വഴി റോഡ് മാർഗ്ഗമുള്ള ഗതാഗതത്തിന്റെ ഒരു ഭാഗം ജലപാതവഴിയാക്കാൻ സാധിക്കും. കൂടാതെ അപകടകരമായ ചരക്കുകളുടെ റോഡ്മാർഗ്ഗേനയുള്ള കടത്ത് ജലപാതയിലൂടെ മാറ്റുന്നതുമൂലം റോഡ് സുരക്ഷ കൂടുതൽ മെച്ചപ്പെടുത്തുവാനും അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനും സാധിക്കും. അതോടൊപ്പം വിനോദ സഞ്ചാര വികസനം, നഗരസൗന്ദര്യവൽക്കരണം തുടങ്ങിയവയും നേട്ടങ്ങളിൽ ഉൾപ്പെടുന്നു. |

| | |
|---|---|
| (സി) നിലവിൽ ദേശീയ ജലപാതാ പദ്ധതികളുടെ കൂട്ടത്തിൽ കനോലി കനാൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ ഇതുവരെ പൂർത്തിയായെന്ന് വിശദമാക്കുമോ;<br><br>(ഡി) ഈ ജലപാത സംബന്ധിച്ച പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) കനോലി കനാൽ ഉൾപ്പെടുന്ന ജലപാതയുടെ കല്ലായി പുഴ വടക്കേക്കര വരെയുള്ള ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള കനാലും അതിനോടനുബന്ധിച്ചുള്ള ഭൂമിയുടെ അതിർത്തി നിർണ്ണയവും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായ പ്രവർത്തികൾ ഇപ്പോൾ നടന്നു വരുന്നു. ദേശീയ ജലപാത വികസനവും തുടർനടപടിയും Inland Waterways Authority of India യുടെ മേൽനോട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ